LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ&ബി) കേരള സംസ്ഥാനത്തിലെ പോലീസ് സേനാംഗങ്ങൾക്ക് ആവശ്യമായിവരുന്ന പുറംരോഗ ചികിത്സയും ആശുപത്രിയിൽ കിടത്തി ചികിത്സയും തുടങ്ങി സർജറിയും മറ്റും വേണ്ടിവരുന്ന അസുഖ പരിപാലനത്തിന് ആധുനികവും ഗുണനിലവാരമുള്ളതുമായ ചികിത്സാ മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനും ഇൻഷ്വറൻസ് കമ്പനി വഴി സംസ്ഥാനത്തെ വിവിധ ആശുപത്രികളുമായി സഹകരിച്ച് വളരെ വേഗത്തിൽ മതിയായ വിദഗ്ധ ചികിത്സ നൽകുന്നതിനോടൊപ്പം അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും/ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മതിയായ ധനസഹായം ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പോളിസിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പോളിസിക്ക് ആവശ്യമായ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതിക്ക് 1-2-2014 തീയതിലെ സർക്കാർ ഉത്തരവ് നം.20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 20 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ

സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ

193 (3704) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ ഇല്ലാത്ത ജില്ലകളിൽ അത്തരം തസ്തിക സൃഷ്ടിക്കുവാൻ സംസ്ഥാന പോലീസ് മേധാവി നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ അഭാവംമൂലവും തസ്തികകളുടെ കുറവുമൂലവും വർഷം തോറും ഗവൺമെന്റിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം സംഭവിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പോലീസ് വാഹനങ്ങൾ കണ്ടം ചെയ്യ് യഥാസമയം ലേലം നടത്താത്തതുമൂലം കോടികൾ നഷ്ടമാകുന്നത് ഒഴിവാക്കുവാൻ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് വകുപ്പിൽ പോലീസ് ഡ്രൈവർമാരുടെ അംഗബലം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മറ്റ് ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കൂടാതെ 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്.

ക്രമ നമ്പർ	തസ്തികയുടെ പേര്	തസ്തികകളുടെ എണ്ണം
1	സൂപ്രണ്ട് ഓഫ് പോലീസ്	2
2	ഡിവൈ.എസ്.പി.	5
3	മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ	7
4	മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ	7
5	ഡ്രൈവർ എസ്.ഐ.	30

ഇവരുടെ മേൽനോട്ടത്തിലാണ് പോലീസ് ഡിപ്പാർട്ടുമെന്റിലെ വാഹനങ്ങൾ പരിപാലിച്ചുപോകുന്നത്. കൂടാതെ, പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എം.എസ്.പി റേഞ്ച് വർക്ക്ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി കാമ്പസിലുള്ള സെൻട്രൽ പോലീസ് വർക്ക് ഷോപ്പുകളും പ്രവർത്തിക്കുന്നു.

(സി) സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും കാലപ്പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ വാഹനങ്ങൾ സർക്കാർ ചട്ടങ്ങൾക്കനുസൃതമായി കാലതാമസം കൂടാതെ condemnation നടത്തി ലേലനടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കഞ്ചാവ് കൈവശം വച്ചതായുള്ള വ്യാജ പരാതി

194 (3705) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: